**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 499** **13-01-2021 - ൽ മറുപടിയ്ക്ക്**

**വഞ്ചിയൂർ ട്രഷറി തട്ടിപ്പ് കേസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പാറക്കൽ അബ്ദുല്ല | | Dr. T. M. Thomas Isaac<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
| (എ) | വഞ്ചിയൂർ ട്രഷറിയിൽനിന്നും 2.73 കോടി രൂപ തട്ടിയെടുത്ത കേസിൽ തൊണ്ണൂറ് ദിവസം കഴിഞ്ഞിട്ടും പോലീസ് കുറ്റപത്രം നൽകാത്തതിനാൽ പ്രതിക്ക് സ്വാഭാവികജാമ്യം ലഭിക്കാനിടയായ സാഹചര്യമുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ടായിയിട്ടുണ്ട്. വഞ്ചിയൂർ ട്രഷറിയിലെ സാമ്പത്തിക ക്രമക്കേടിലൂടെ സർക്കാരിന് നഷ്ടമായ തുക എത്രയെന്ന് കൃത്യമായി മനസ്സിലാക്കുവാൻ കൂടുതൽ തെളിവുകൾ ശേഖരിക്കേണ്ടി വന്നതിനാലും പ്രതിയുടെ ബാങ്ക്, ട്രഷറി ഇടപാടുകൾ എന്നിവ സംബന്ധിച്ച് നിരവധി സാക്ഷികളുടെ മൊഴി രേഖപ്പെടുത്തി അന്വേഷണം നടത്തേണ്ടി വന്നതിനാലും ടിയാൻ സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച കമ്പ്യൂട്ടർ ഹാർഡ് സിസ്റ്റം, മൊബൈൽ ഫോണുകൾ, ട്രഷറി ഡയറക്ടറേറ്റിലെ ഡാറ്റാ ബേസിൽ നിന്നും പെൻഡ്രൈവിൽ പകർത്തിയ ഡേറ്റാ, പ്രതിയുടെ ഹാൻഡ് റൈറ്റിംഗ്, സ്പെസിമെൻ സിഗ്നേച്ചർ, സാമ്പത്തിക തിരിമറി നടത്താൻ ഉപയോഗിച്ച ചെക്കുകൾ എന്നിവ എഫ്.എസ്.എൽ. പരിശോധനക്ക് അയച്ചിട്ടുള്ളതിന്റെ പരിശോധനാഫലം ലഭിക്കാൻ കാലതാമസം ഉണ്ടായതിനാലും തൊണ്ണൂറ് ദിവസത്തിനകം പ്രതിക്കെതിരെ കുറ്റപത്രം സമർപ്പിക്കുവാൻ പോലീസിന് സാധിച്ചില്ല. തുടർന്ന് പ്രതിക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടായി. |
| (ബി) | സർവ്വീസിൽ നിന്നും പിരിച്ചുവിട്ടതല്ലാതെ മറ്റു നടപടികളെന്തെങ്കിലും പ്രതി ബിജുലാലിനെതിരെ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | ക്രമക്കേടിൽ സർക്കാരിന് നഷ്ടമായ തുക പ്രതിയായ ശ്രീ.എം.ആർ.ബിജുലാലിൽ നിന്നും തിരിച്ചുപിടിക്കുന്നതിനുള്ള ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സോഫ്റ്റ് വെയറിലെ പിഴവുകൾ ഉൾപ്പെട്ട അന്വേഷണം മുന്നോട്ട് കൊണ്ട് പോകുന്നത് ധനകാര്യ വകുപ്പിലെ ഉന്നതരിലേക്ക് നീളുമെന്നായപ്പോഴാണ് അന്വേഷണം വഴിമുട്ടിയത് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | സർക്കാർ ഇക്കാര്യത്തിൽ സമയബന്ധിതമായി | (ഡി) | ടി വിഷയത്തിൽ ക്രൈം നമ്പർ 1197/2020 പ്രകാരം |

| | | | |
|---|---|---|---|
| | എന്തന്വേഷണം നടത്തും എന്നും കുറ്റക്കാരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ എന്തൊക്കെ നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ? | | വഞ്ചിയൂർ പൊലീസ് അന്വേഷണത്തോടൊപ്പം വകുപ്പുതല അന്വേഷണവും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ